# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 17 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalaprd

**സിസിടിവി ദൃശ്യം പരിശോധിച്ച് തുടർനടപടി;**
**പോലീസുകാരെ കൺട്രോൾ റൂമിലേക്ക് മാറ്റി**

സന്നിധാനത്ത് മാധ്യമ പ്രവർത്തകനെ പോലീസുകാർ പിടിച്ചു തള്ളിയെന്ന പരാതിയിൽ സിസിടിവി ദൃശ്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമെന്ന് സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ എൻ.വിജയകുമാർ പറഞ്ഞു. ഡിഐജി പി.വിജയന്റെ നിർദേശപ്രകാരം സംഭവത്തെപ്പറ്റി അന്വേഷിക്കാൻ സോപാനം ഡിവൈഎസ്പി വിശ്വംഭരനെ ചുമതലപ്പെടുത്തി. ഇന്ന് ഉച്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

പരാതി ഉയർന്ന മൂന്ന് പോലീസുകാരെ കൺട്രോൾ റൂമിലേക്ക് മാറ്റി നിയമിച്ചു. മാധ്യമപ്രവർത്തകന്റെയും പോലീസുകാരുടെയും മൊഴി രേഖപ്പെടുത്തി. അന്വേഷണത്തിൽ കുറ്റക്കാരാണെന്നു കണ്ടെത്തിയാൽ പോലീസുകാർക്കെതിരേ കർശന നടപടിയെടുക്കുമെന്നും സ്പെഷൽ ഓഫീസർ പറഞ്ഞു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 17 | 2016 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

ഗുരുവിൻെറയും ശിഷ്യയുടെയും നൃത്ത പ്രണാമം

ശബരിമല: സന്നിധാനം ഓഡിറ്റോറിയത്തിൽ അയ്യപ്പനു മുന്നിൽ ഗുരുവിൻെറ നൃത്ത പ്രണാമത്തിനൊപ്പം ശിഷ്യയുടെ അരങ്ങേറ്റം. തിരുവനന്തപുരം നേമം മഹേശ്വര ഡാൻസ് അക്കാദമിയിലെ മഹേഷും ശിഷ്യ ആറു വയസ്സുകാരി ആര്യയുമാണ് ഭരതനാട്യം അവതരിപ്പിച്ചത്. ശംഖുമുഖത്തെ തങ്കരാജ്-രജി ദമ്പതികളുടെ മകളായ ഒന്നാം ക്ലാസുകാരി ആര്യയുടെ അരങ്ങേറ്റ പ്രകടനവും മഹേഷിൻെറ ഇരുത്തംവന്ന പ്രകടനവും ആസ്വാദകരുടെ കൈയടി നേടി.
കലാക്ഷേത്ര വിലാസിനി ടീച്ചറുടെ ശിഷ്യനായ മഹേഷ് 2011 മുതൽ സന്നിധാനത്ത് ശാസ്ത്രീയനൃത്തം അവതരിപ്പിക്കുന്നുണ്ട്. കുളച്ചൽ കാർമൽജ്യോതി സ്കൂളിലെ നൃത്താധ്യാപകനാണ്. സ്വാതിതിരുനാൾ സംഗീത കോളജിൽനിന്ന് കേരള നടനത്തിലും ഭരതനാട്യത്തിലും ബി.പി.എ നേടിയിട്ടുണ്ട്.

'പുണ്യം പൂങ്കാവനം: ശുചീകരണത്തിന് നേതൃത്വം നൽകി ഡി.ഐ.ജി പി.വിജയൻ

ശബരിമല: ശബരിമലയിൽ കേരള പൊലീസ് നടപ്പിലാക്കുന്ന 'പുണ്യം പൂങ്കാവനം' പദ്ധതിയുടെ ഭാഗമായുള്ള ശുചീകരണത്തിൽ

നോഡൽ ഓഫീസർ ഡി.ഐ.ജി പി. വിജയനും സന്നിധാനം പൊലീസ് സ്പെഷൽ ഓഫീസർ എൻ. വിജയകുമാർ, സന്നിധാനം എസ്.ഐ. ബി. വിനോദ്കുമാർ തുടങ്ങിയർ പങ്കാളികളായി. പൊലീസിനൊപ്പം എൻ.ഡി.ആർ.എഫ്, ദേവസ്വം, ആരോഗ്യ വകുപ്പ്, അഗ്നിശമനസേന, സന്നദ്ധ സംഘടനകളായ അയ്യപ്പ സേവാ സംഘം, അയ്യപ്പ സേവാസമാജം തുടങ്ങിയവരും സജീവമായ പങ്കു വഹിച്ചു.

ഹൃദയാഘാതം: ശബരിമല തീർഥാടകൻ മരിച്ചു

ശബരിമല: ശബരിമല ദർശനം കഴിഞ്ഞ് മലയിറങ്ങുന്നതിനിടെ ഹൃദയാഘാതം മൂലം തീർഥാടകൻ മരിച്ചു. തൃശൂർ കുന്നംകുളം വില്ലൂറ്റൂർ കാരിക്കാട് സ്വദേശി ദാസൻ എ.എ. (46) ആണ് പമ്പ ഗവ. ആശുപത്രിയിൽ മരിച്ചത്. ശനിയാഴ്ച രാവിലെ 8.45ഓടെയായിരുന്നു സംഭവം.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 17 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### തങ്കഅങ്കി ഘോഷയാത്ര 22ന് ആറന്മുളയിൽനിന്ന് പുറപ്പെടും

ശബരിമല അയ്യപ്പസ്വാമിക്ക് മണ്ഡല പൂജയ്ക്ക് ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചുള്ള രഥഘോഷയാത്ര 22ന് രാവിലെ ഏഴിന് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽനിന്നും ആരംഭിക്കും. 25ന് വൈകിട്ട് ദീപാരാധനയ്ക്കു മുമ്പ് തങ്കഅങ്കി ഘോഷയാത്ര ശബരിമല സന്നിധാനത്ത് എത്തിച്ചേരും.

തങ്കഅങ്കി ഘോഷയാത്ര എത്തുന്ന സ്ഥലങ്ങളും സമയവും: 22ന് രാവിലെ ഏഴ് ആറന്മുള പാർഥസാരഥി ക്ഷേത്രം(ആരംഭം), മൂർത്തിട്ടഗണപതിക്ഷേത്രം-7.30, പുന്നംതോട്ടം ദേവിക്ഷേത്രം-എട്ട്, ചവുട്ടുകുളം മഹാദേവക്ഷേത്രം-8.15, തിരുവഞ്ചാംകാവ് ദേവിക്ഷേത്രം-8.45, നെടുംപ്രയാർ തേവലശേരി ദേവിക്ഷേത്രം-10(പ്രഭാത ഭക്ഷണം), നെടുംപ്രയാർ ജംഗ്ഷൻ-10.15, കോഴഞ്ചേരി ടൗൺ-10.30, കോഴഞ്ചേരി -പാമ്പാടിമൺ-11, കാരംവേലി-11.15, ഇലന്തൂർ ശ്രീഭഗവതികുന്ന് ദേവിക്ഷേത്രം-11.45, ഇലന്തൂർ ഗണപതിക്ഷേത്രം-ഉച്ചയ്ക്ക് 12.30, ഇലന്തൂർ നാരാണമംഗലം(ഭക്ഷണം, വിശ്രമം)-ഉച്ചയ്ക്ക് ഒന്ന്, അയത്തിൽ മലനട ജംഗ്ഷൻ-2.30, അയത്തിൽ കുടുംബയോഗ മന്ദി

രം- 2.45, അയത്തിൽ ഗുരുമന്ദിരം ജംഗ്ഷൻ-മൂന്ന്, മെഴുവേലി ആനന്ദഭൂതേശ്വരം- 3.30, ഇലവുംതിട്ട ദേവീക്ഷേത്രം- വൈകിട്ട് 4.15, ഇലവുംതിട്ട മലനട-5.15, മുട്ടത്തുകോണം എസ്എൻഡിപി മന്ദിരം-ആറ്, കൈതവന ദേവീക്ഷേത്രം-രാത്രി 7.30, പ്രക്കാനം ഇടനാട് ഭഗവതി ക്ഷേത്രം- എട്ട്, ചീക്കനാൽ-8.30, ഊപ്പമൺ ജംഗ്ഷൻ-ഒൻപത്, ഓമല്ലൂർ ശ്രീ രക്തകണ്ഠസ്വാമി ക്ഷേത്രം(രാത്രി വിശ്രമം)-9.30.

23ന് രാവിലെ എട്ടിന് ഓമല്ലൂർ ശ്രീരക്തകണ്ഠസ്വാമി ക്ഷേത്രം(ആരംഭം), കൊടുംതറ സുബ്രഹ്മണ്യസ്വാമിക്ഷേത്രം-9.30, അഴൂർ ജംഗ്ഷൻ-10.30, പത്തനംതിട്ട ശാസ്താ ക്ഷേത്രം -11.15, കടമ്മനിട്ട ഭഗവതി ക്ഷേത്രം(ഭക്ഷണം, വിശ്രമം)-ഉച്ചയ്ക്ക് 12.30, കടമ്മനിട്ട ഋഷികേശ ക്ഷേത്രം-2.45, മേക്കൊഴൂർ ക്ഷേത്രം -വൈകിട്ട് നാല്. മൈലപ്ര ഭഗവതി ക്ഷേത്രം-4.45, കുമ്പഴ ജംഗ്ഷൻ-5.30, പാലമറൂർ അമ്പലമുക്ക്-ആറ്, പുളിമുക്ക്-6.15, വെട്ടൂർ ശ്രീമഹാവിഷ്ണു ക്ഷേത്ര ഗോപുരപ്പടി-6.45, ഇളകൊള്ളൂർ -രാത്രി 7.30, ചിറ്റൂർ മുക്ക്-8.15, കോന്നി ടൗൺ-8.30, കോന്നി ചിറയ്ക്കൽ-8.45, കോന്നി മുരിങ്ങമംഗലം ക്ഷേത്രം(രാത്രി വിശ്രമം)-9.30.

24ന് രാവിലെ 7.30ന് കോന്നി മുരിങ്ങമംഗലം ക്ഷേത്രം(ആരംഭം), ചിറ്റൂർ മഹാദേവക്ഷേത്രം-എട്ട്, അട്ടച്ചാക്കൽ 8.30, വെട്ടൂർ ക്ഷേത്രം(പ്രഭാത ഭക്ഷണം)-9.30, മൈലാടുംപാറ-11, കോട്ടമുക്ക്-11.30, മലയാലപ്പുഴ ക്ഷേത്രം-ഉച്ചയ്ക്ക് 12, മലയാലപ്പുഴ താഴം-12.30, മണ്ണാറക്കുളഞ്ഞി ക്ഷേത്രം-12.45, റാന്നി രാമപുരം ക്ഷേത്രം(ഭക്ഷണം, വിശ്രമം)-രണ്ട്, ഇടക്കുളം ശാസ്താ ക്ഷേത്രം-അഞ്ച്, വടശേരിക്കര ചെറുകാവ്-6.15, വടശേരിക്കര പ്രയാർ-6.45, മാടമൺ ക്ഷേത്രം-7.45, പെരുനാട് ക്ഷേത്രം(രാത്രി വിശ്രമം)8.30.

25ന് രാവിലെ എട്ടിന് പെരുനാട് ക്ഷേത്രം(ആരംഭം), ളാഹ സത്രം-ഒൻപത്, പ്ലാപ്പള്ളി-10, നിലയ്ക്കൽ ക്ഷേത്രം-11, ചാലക്കയം-ഒന്ന്, പമ്പ(വിശ്രമം)-1.30. 25ന് വൈകിട്ട് മൂന്നിന് പമ്പയിൽ നിന്നും പുറപ്പെട്ട് അഞ്ചുമണിയോടെ ശരംകുത്തിയിൽ എത്തിച്ചേരും. ഇവിടെവച്ച് ശബരിമല ക്ഷേത്രത്തിൽനിന്നും ആചാരപൂർവം സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കും. 22ന് രാവിലെ അഞ്ച് മുതൽ ഏഴുവരെ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ തങ്കഅങ്കി ദർശനത്തിനും കാണിക്ക അർപ്പിക്കുന്നതിനും അവസരമുണ്ടാകും.

## തിരക്കുവേണ്ട അരവണകിറ്റുകൾ റെഡി

ശബരിമല: സന്നിധാനത്ത് അപ്പം അരവണ കൗണ്ടറുകളിൽ അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കാൻ പ്രത്യേക കിറ്റുകളൊരുക്കി ദേവസ്വംബോർഡ്. ചെറുതും വലുതുമായ പ്രത്യേക കിറ്റുകളാണ് തീർഥാടകർക്കായി വിപണനത്തിനുള്ളത്. ഒരു ടിൻ അരവണയും രണ്ടപ്പവും ഓരോ പാക്കറ്റ് വീതം വിഭൂതിയും മഞ്ഞളും കുങ്കുമവും ഉള്ള ചെറിയ കിറ്റിന് 225 രൂപയാണ് വില. രണ്ടരവണ, നാലപ്പം ഓരോ പാക്കറ്റ് വീതം വിഭൂതി, മഞ്ഞൾ, കുങ്കുമം എന്നിവയുൾപ്പെട്ട വലിയ കിറ്റിന് 375 രൂപ നൽകണം. നിരവധി പേരാണ് കിറ്റുകൾ വാങ്ങാനായി ദേവസ്വംബോർഡിന്റെ കൗണ്ടറിൽ എത്തുന്നത്. കിറ്റുകൾക്ക് തീർഥാടകരുടെ ഭാഗത്തുനിന്നും അനുകൂല പ്രതികരണമാണ് ലഭിക്കുന്നതെന്ന് ദേവസ്വം ജീവനക്കാർ പറഞ്ഞു. അവധി ദിവസമായതോടെ സന്നിധാനത്ത് തിരക്ക് ഏറിത്തുടങ്ങി.

## ലാത്തിയും തോക്കും മാത്രമല്ല രുചികരമായ ഭക്ഷണവും ഈ കൈകളിൽ ഭദ്രം

ശബരിമല: സന്നിധാനത്ത് മഹാസദ്യയൊരുക്കി പോലീസിന്റെ ഭക്ഷണ വിഭാഗം. ശബരിമലയിൽ സേവനമനുഷ്ഠിക്കുന്ന പോലീസ് സേനാ വിഭാഗത്തിന്റെ സി ബാച്ച് ഡ്യൂട്ടി പൂർത്തിയാക്കി മലയിറങ്ങുന്നതിന്റെ മുന്നോടിയായാണ് പോലീസ് മെസിൽ മാധ്യമ പ്രവർത്തകർക്കും ദേവസ്വം പ്രവർത്തകർക്കും താൽക്കാലിക ജീവനക്കാർക്കും മഹാസദ്യ വിളമ്പിയത്. സീസൺ തുടങ്ങി തീരുംവരെ ആറു വിഭാഗമായാണ് പോലീസ് സേന ശബരിമലയിൽ സേവനത്തിനെത്തുന്നത്. 1800 പോലീസുകാർ അടങ്ങുന്ന സി വിഭാഗമാണ് ഇപ്പോൾ സന്നിധാനത്തുള്ളത്. ഇവരുടെ സേവനകാലാവധി 19ന് അവസാനിക്കും. 2500 പേരടങ്ങുന്ന ഡി വിഭാഗം 20 മുതൽ ജോലിയിൽ കയറും.

ഓരോ ബാച്ചിന്റെയും സേവന കാലാവധി തീരുന്നതിന്റെ മുന്നോടിയായാണ് സദ്യ ഒരുക്കുന്നത്. പോലീസ് സേനയ്ക്ക് പുറമേ ശബരിമലയിലെ എല്ലാ സേനാവിഭാഗങ്ങൾക്കും പോലീസ് മെസിലാ

ണ് ഭക്ഷണം. വിപുലമായ സംവിധാനങ്ങളാണ് ഇതിനായി ഒരുക്കിയിട്ടുള്ളത്. കുട്ടിക്കാനം കെ.എ.പി അഞ്ചാം ബെറ്റാലിയനാണ് മെസിന്റെ ചുമതല. അസിസ്റ്റന്റ് കമാൻഡന്റ്, ഒരു സിഐ, മൂന്ന് എസ്ഐമാർ, ഹെഡ് കോൺസ്റ്റബിൾമാർ, കോൺസ്റ്റബിൾമാർ, 75 ക്യാമ്പ് ഫോളോവേഴ്സ് തുടങ്ങിയ വൻ നിരയാണ് സേനയുടെ ഭക്ഷണകാര്യങ്ങൾ ശ്രദ്ധിക്കാനായി സന്നിധാനത്തുള്ളത്. പുലർച്ചെ മൂന്നിന് ചുക്കുകാപ്പിയോടെ ആരംഭിക്കുന്ന മെസിൽ രാവിലെ ഏഴു മുതൽ പ്രാതൽ, ഉച്ചയ്ക്ക് 12 മുതൽ ഊണ്, വൈകിട്ട് ചായ, ചെറുകടി രാത്രി ഏഴുമുതൽ ചപ്പാത്തി, കഞ്ഞി എന്നിവ വിളമ്പും.

ആഴ്ചയിൽ ഒരു ദിവസം വെജിറ്റബിൾ ബിരിയാണിയും ഐസ്ക്രീമും ഉണ്ടാകും. വിപുലമായ അടുക്കളയും ചപ്പാത്തി ചുടുന്നതിന് ഒരു മെഷീനും അടുക്കളയിൽ ഒരുക്കിയിട്ടുണ്ട്. സി വിഭാഗത്തിനായി രാത്രിയിൽ 9000 ചപ്പാത്തിയാണ് ചുട്ടിരുന്നത്. ഡി വിഭാഗം വരുന്നതോടെ ഇത് പതിനായിരമോ പന്ത്രണ്ടായിരമോ ആയി വർധിക്കും. തീർഥാടകരെ നിയന്ത്രിച്ചും പതിനെട്ടാംപടിയിൽ അവരെ വീഴാതെ കയറാൻ സഹായിച്ചും ക്രമസമാധാനം പാലിച്ചും തളരുന്ന സേനാ അംഗങ്ങൾക്ക് സ്വാദിഷ്ടവും പോഷക സമൃദ്ധവുമായ ഭക്ഷണം ഒരുക്കി കുട്ടിക്കാനം കെഎപി അഞ്ചാം ബറ്റാലിയൻ മനസിൽ ഇടംപിടിച്ചിരിക്കുകയാണ്.

ദോഷ പരിഹാര പാട്ടനുഭവങ്ങളുമായി സുബ്രഹ്മണ്യന്റെ സപര്യ

ശബരിമല: മൂന്നു പതിറ്റാണ്ടിലേറെക്കാലം നീണ്ട ശബരിമല അനുഭവങ്ങളും ഓർമകളുമാണ് കുന്നത്തുനാട് ഐരാപുരം സ്വദേശി സുബ്രഹ്മണ്യന്. വിണ്ടും വീണ്ടും അയ്യപ്പസന്നിധിയിലെത്തിക്കുന്ന നാഗത്തറയ്ക്കു മുമ്പിൽ തന്നെത്തേടിയെത്തുന്ന ഭക്തരുടെ മുഴുവൻ പാപങ്ങളും ഒറ്റക്കമ്പി വീണയാൽ പാടി അകറ്റുന്ന പുള്ളുവ പാട്ടുകാരനാണ് സുബ്രഹ്മണ്യൻ. മുതുമുത്തച്ഛന്മാരുടെ കാലം മുതൽ ചെയ്തുപോന്ന ഒരു അനുഷ്ഠാന കലയുടെ, അവകാശപ്പെരുമയുടെ ഇങ്ങേയറ്റത്തെ കണ്ണി സുബ്രഹ്മണ്യനടക്കം ആറു പുള്ളുവൻ പാട്ടുകാരാണ് നാഗത്താൻ തറയിൽ പാപദോഷങ്ങൾ പാടിയകറ്റാനുള്ളത്.

നാഗത്തറയിൽ കാണിക്കയിട്ട് പേരും നാളും പറഞ്ഞ് ദക്ഷിണ നൽകിയാൽ പാപദോഷ പാട്ട് ഉയരുകയായി. കൂടുതലായി മലയാളി

കളാണ് ദോഷ പരിഹാര പാട്ടു പാടിക്കാറുള്ളതെന്ന് സുബ്രഹ്മണ്യൻ പറഞ്ഞു. പിതാവിന്റെ കൈയ്യുംപിടിച്ച് പത്താം വയസിൽ മല ചവിട്ടിയ സുബ്രഹ്മണ്യൻ ഇന്നും പതിവ് തെറ്റിച്ചിട്ടില്ല. തീർഥാടനകാലത്തിന്റെ തുടക്ക ദിനം മുതൽ പ്ലാവിൻ തടിയിൽ തീർത്ത തന്റെ പുള്ളുവ വീണയുമായി സന്നിധാനത്ത് ഈ അമ്പത്തഞ്ചുകാരൻ ഹാജരുണ്ടാകും. കാലം അയ്യപ്പ സന്നിധിക്ക് വരുത്തിയ മാറ്റത്തിന്റെ ദൃക്സാക്ഷികൂടിയാണ് ഇദ്ദേഹം. ഓരോ കാലത്തും നടന്ന നവീകരണങ്ങളും അത് സന്നിധാനത്തിന്റെ ഘടനയിലും മട്ടിലുമുണ്ടാക്കിയ മാറ്റങ്ങളും മിഴിവുള്ള ചിത്രങ്ങളായി സുബ്രഹ്മണ്യന്റെ മനസിലുണ്ട്. മുഴുവൻ കല്ലുകൾ നിറഞ്ഞ നടവഴിയും ഓലമേഞ്ഞ നടപ്പന്തലും വടം കെട്ടി നിയന്ത്രിക്കുന്ന ഭക്തജന വഴിയും കാട്ടുമൃഗങ്ങളുടെ സന്ദർശനങ്ങളും ചേരുന്ന ഓർമ ചിത്രങ്ങൾ. നാട്ടിലും തിരക്കുള്ള പുള്ളുവൻ പാട്ടുകാരനാണ് സുബ്രഹ്മണ്യൻ. പുള്ളോർക്കുടവുമായി ഭാര്യ ലീല കൂട്ടിനുണ്ടാകും. കളംപാട്ട്, നൂറും പാലും തുടങ്ങി നാഗദേവതകളുമായി ബന്ധപ്പെട്ട ചടങ്ങുകളാണ് ശബരിമല കാലം കഴിഞ്ഞാൽ സുബ്രഹ്മണ്യനെ നാട്ടിൽ കാത്തിരിക്കുന്നത്. പാരമ്പര്യ വിശുദ്ധിയോടെ അയ്യപ്പനെ ഹൃദയത്തിൽ ആവാഹിച്ച് പാടുന്ന സുബ്രഹ്മണ്യൻ പാപദോഷ പരിഹാര പാട്ടുകൾ തുടരുകയാണ്.

സോപനസംഗീതം

ശബരിമല അയ്യപ്പ ഓഡിറ്റോറിയത്തിൽ ഡിസംബർ 18ന് രാത്രി ഏഴിന് ശിവകുമാറിന്റെ സോപാനസംഗീതം. രാത്രി ഒൻപതിന് കോട്ടയം വയല ശ്രീദേവി ഭജന സമിതിയുടെ ഭജന.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.